**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ** – 991 30.01.2019–ലെ മറുപടി

**വളാഞ്ചേരി നഗരസഭയിലെ കുടിവെള്ള പദ്ധതി**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) | വളാഞ്ചേരി നഗരസഭയിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്ക ണമെന്ന ആവശ്യവുമായി ബന്ധപ്പെട്ട് വകുപ്പിലുള്ള ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ; | എ) | വളാഞ്ചേരി നഗരസഭയിലെ ഉയർന്ന പ്രദേശങ്ങളായ കർത്തല, ചുങ്കം, കോണിക്കല്ല്, ചീരാണി, എന്നിവിടങ്ങളിൽ എം.പി. ഫണ്ടിൽ ഉൾപ്പെടുത്തി തിരുനാവായ കുടിവെള്ള പദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ ദീർഘിപ്പിച്ചിട്ടുണ്ട് കിഫ്ബിയിൽ ഉൾപ്പെടുത്തി 2017-18-ൽ അനുമതി ലഭ്യമാക്കിട്ടുള്ള 72.17 കോടി രൂപയുടെ എടയൂരും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതിയുടെ സാങ്കേതികാനുമതിയ്ക്കു വേണ്ടിയുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നു. |
| ബി) | തിരുനാവായ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് വളാഞ്ചേരി നഗരസഭയിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാകുന്നില്ലെന്ന പ്രശ്നം കെ.ഡബ്ല്യൂ.എ. പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധന റിപ്പോർട്ട് ലഭ്യമാക്കാമോ; | ബി) | പരിശോധിച്ചിട്ടില്ല, ബാധകമല്ല. |
| സി) | 17.7.2017 തീയതിയിലെ 2715/M(WR)/VIP/2017 എന്ന നമ്പരിലുള്ള ഫയലിൽ വകുപ്പും കെ.ഡബ്ല്യൂ.എ.യും സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ഇത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ ബന്ധപ്പെട്ട എ.എൽ.എ.യ്ക്ക് മറുപടിയോ അറിയിപ്പുകളോ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | സി) | ബഹു. എം.എൽ.എ.യുടെ 30.6.2017 ലെ കത്തിന്റെ അടിസ്ഥാനത്തിൽ വളാഞ്ചേരി നഗരത്തിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതു സംബന്ധിച്ച വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ബഹു. എം.എൽ.എ.യ്ക്ക് ഔദ്യോഗികമായി മറുപടികളൊന്നും തന്നെ കേരള വാട്ടർ അതോറിറ്റി നൽകിയിട്ടില്ല. |
| ഡി. | വളാഞ്ചേരി നഗരസഭയുടെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കണമെന്ന പ്രൊപ്പോസൽ അംഗീകരിച്ച് അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ, | ഡി) യും ഇ) യും | കിഫ്ബി -2017-18-ൽ 72.17 കോടി രൂപയുടെ അംഗീകാരം ലഭിച്ചു. |
| ഇ. | സംസ്ഥാന ജലവിഭവ വകുപ്പ് അംഗീകരിച്ചതും കിഫ്ബിയുടെ അനുമതി ലഭിച്ചതുമായ ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ